പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4968 — 22/05/2017-ൽ മറുപടിക്ക്

## എൽ.പി, യു.പി, ഹൈസ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എൽ.പി, യു.പി, ഹൈസ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് (സർക്കാർ, എയ്ഡഡ്) കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതി മുതലാണ് ഇതിന് പ്രാബല്യമുള്ളത്; അറിയിക്കാമോ; | (എ) ഉണ്ട്. 25-07-2012 ലെ സർക്കാർ ഉത്തരവ് നം. 244/12/പൊവിവ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ എൽ.പി, യു.പി, ഹൈസ്കൂൾ അദ്ധ്യാപകർക്ക് കെ-ടെറ്റ് 2012-13 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. 30-08-2016 ലെ ജി.ഒ (പി) നം. 145/2016/പൊവിവ പ്രകാരം ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള പി.എസ്.സി ലിസ്റ്റുകളേയോ, നിയമനങ്ങളെയോ ഇത് ബാധിക്കുമോ വിശദമാക്കാമോ? | (ബി) നിലവിലുള്ള പി.എസ്.സി ലിസ്റ്റുകളെ ഇത് ബാധിക്കുകയില്ല. പി.എസ്.സി വിജ്ഞാപനത്തിൽ കെ-ടെറ്റ് യോഗ്യത കൂടി ചേർക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് നിർബന്ധമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ